**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2974** **03-08-2021 - ൽ മറുപടിയ്ക്ക്**

**ചങ്ങനാശ്ശേരിയിൽ പുതിയ സ്റ്റേഡിയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | **Shri.V. Abdurahiman**<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | ചങ്ങനാശ്ശേരിയിൽ പുതിയതായി സ്റ്റേഡിയം നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | 2019-20 സാമ്പത്തിക വർഷത്തെ വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II വാല്യം II-ൽ ഭരണാനുമതിയില്ലാത്ത പ്രവൃത്തികളിൽ ക്രമ നമ്പർ 847-ൽ ചങ്ങനാശ്ശേരി മുൻസിപ്പാലിറ്റി വക സ്ഥലത്ത് സ്പോർട്സ് കോംപ്ലക്സ് നിർമ്മാണം പദ്ധതിയായി തദ്ദേശസ്വയം ഭരണവകുപ്പിന്റെ ബജറ്റ് വിഹിതത്തിൽ അടങ്കലായി 500 ലക്ഷം രൂപയും 2019-20 സാമ്പത്തിക വർഷത്തെ വിഹിതമായി 100 ലക്ഷം രൂപയും വകയിരുത്തിയിരുന്നു. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ഡി.പി.ആർ തയ്യാറാക്കുന്നതിലേയ്ക്കായി കായിക വകുപ്പിന്റെ എഞ്ചിനീയറിംഗ് വിഭാഗത്തെ ചുമതലപ്പെടുത്തിയിരുന്നു. പ്രസ്തുത സ്ഥലത്ത് സിന്തറ്റിക് ട്രാക്കും, ഫുട്ബോൾ ടർഫും നിർമ്മിക്കണമെന്ന മുൻ എം.എൽ.എയുടെ നിർദ്ദേശപ്രകാരം ചങ്ങനാശ്ശേരി ബൈപ്പാസിന് സമീപമുള്ള മുനിസിപ്പാലിറ്റിയുടെ സ്ഥലം കായിക എഞ്ചിനീയറിംഗ് വിഭാഗം പരിശോധിച്ചിരുന്നു. ചങ്ങനാശ്ശേരി ബൈപ്പാസ് നിർദ്ദിഷ്ട പദ്ധതി പ്രദേശത്തിന്റെ ഏതാണ്ട് മധ്യഭാഗത്ത്കൂടി പോകുന്നതിനാൽ നിലവിൽ പ്രസ്തുത സ്ഥലത്ത് സിന്തറ്റിക് ട്രാക്കും, ഫുട്ബോൾ ടർഫും നിർമ്മിക്കുന്നതിന് സാധിക്കുകയില്ല. പ്രസ്തുത സ്ഥലത്ത് മറ്റു കായിക നിർമ്മിതികൾ നിർമ്മിക്കണമെങ്കിലും റോഡിന് സമാന്തരമായി സ്ഥലം ഉയർത്തേണ്ടതായി വരും. ഇതിന് വലിയ തോതിലുള്ള മണ്ണിട്ട് നികത്തൽ ആവശ്യമാണ്. പ്രസ്തുത സ്ഥലം പ്രളയ ബാധിത പ്രദേശമായതിനാൽ മണ്ണിട്ട് നികത്തൽ മൂലമുണ്ടാകുന്ന പാരിസ്ഥിതിക പ്രത്യാഘാതങ്ങളും പരിഗണിക്കേണ്ടതായുണ്ട്. പ്രസ്തുത പദ്ധതി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ബജറ്റ് ഹെഡ്ഡിലായതിനാൽ തുടർനടപടികൾ സംബന്ധിച്ച് നിർദ്ദേശവും അഭിപ്രായവും അറിയിക്കുന്നതിന് |

| | | | |
|---|---|---|---|
| | | | ചങ്ങനാശ്ശേരി നഗരസഭയോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത പദ്ധതി സംബന്ധിച്ച തുടർനടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | എങ്കിൽ പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; എത്ര തുകയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (ബി) | 2019-20 സാമ്പത്തിക വർഷത്തെ വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II വാല്യം II-ൽ ഭരണാനുമതിയില്ലാത്ത പ്രവൃത്തികളിൽ ക്രമ നമ്പർ 847-ൽ ചങ്ങനാശ്ശേരി മുൻസിപ്പാലിറ്റി വക സ്ഥലത്ത് സ്പോർട്സ് കോംപ്ലക്സ് നിർമ്മാണം പദ്ധതിയായി തദ്ദേശസ്വയം ഭരണവകുപ്പിന്റെ ബജറ്റ് വിഹിതത്തിൽ അടങ്കലായി 500 ലക്ഷം രൂപയും 2019-20 സാമ്പത്തിക വർഷത്തെ വിഹിതമായി 100 ലക്ഷം രൂപയും വകയിരുത്തിയിരുന്നു. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ഡി.പി.ആർ തയ്യാറാക്കുന്നതിലേയ്ക്കായി കായിക വകുപ്പിന്റെ എഞ്ചിനീയറിംഗ് വിഭാഗത്തെ ചുമതലപ്പെടുത്തിയിരുന്നു. പ്രസ്തുത സ്ഥലത്ത് സിന്തറ്റിക് ട്രാക്കും, ഫുട്ബോൾ ടർഫും നിർമ്മിക്കണമെന്ന മുൻ എം.എൽ.എയുടെ നിർദ്ദേശപ്രകാരം ചങ്ങനാശ്ശേരി ബൈപ്പാസിന് സമീപമുള്ള മുനിസിപ്പാലിറ്റിയുടെ സ്ഥലം കായിക എഞ്ചിനീയറിംഗ് വിഭാഗം പരിശോധിച്ചിരുന്നു. ചങ്ങനാശ്ശേരി ബൈപ്പാസ് നിർദ്ദിഷ്ട പദ്ധതി പ്രദേശത്തിന്റെ ഏതാണ്ട് മധ്യഭാഗത്ത്കൂടി പോകുന്നതിനാൽ നിലവിൽ പ്രസ്തുത സ്ഥലത്ത് സിന്തറ്റിക് ട്രാക്കും, ഫുട്ബോൾ ടർഫും നിർമ്മിക്കുന്നതിന് സാധിക്കുകയില്ല. പ്രസ്തുത സ്ഥലത്ത് മറ്റു കായിക നിർമ്മിതികൾ നിർമ്മിക്കണമെങ്കിലും റോഡിന് സമാന്തരമായി സ്ഥലം ഉയർത്തേണ്ടതായി വരും. ഇതിന് വലിയ തോതിലുള്ള മണ്ണിട്ട് നികത്തൽ ആവശ്യമാണ്. പ്രസ്തുത സ്ഥലം പ്രളയ ബാധിത പ്രദേശമായതിനാൽ മണ്ണിട്ട് നികത്തൽ മൂലമുണ്ടാകുന്ന പാരിസ്ഥിതിക പ്രത്യാഘാതങ്ങളും പരിഗണിക്കേണ്ടതായുണ്ട്. പ്രസ്തുത പദ്ധതി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ബജറ്റ് ഹെഡ്ഡിലായതിനാൽ തുടർനടപടികൾ സംബന്ധിച്ച് നിർദ്ദേശവും അഭിപ്രായവും അറിയിക്കുന്നതിന് ചങ്ങനാശ്ശേരി നഗരസഭയോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത പദ്ധതി സംബന്ധിച്ച തുടർനടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ